**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 389** | **19-07-2022 - ൽ മറുപടിയ്ക്ക്**

**ഇക്കോ സെൻസിറ്റീവ് സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2016-ൽ ന്യൂഡൽഹിയിൽ നടന്ന വനം വന്യജീവി വിദഗ്ദ്ധ സമിതി യോഗത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ടുള്ള 2013-ലെ സർക്കാരിന്റെ കരട് നിർദ്ദേശങ്ങൾ പരിഗണിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 09-02-2011-ൽ പ്രസിദ്ധീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കി 2013-ൽ സമർപ്പിച്ച കരട് പ്രൊപ്പോസലുകൾ 07-12-2015 മുതൽ 29-08-2017 വരെയുള്ള വിവിധ തീയതികളിലായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം കരട് വിജ്ഞാപനമായി പ്രസിദ്ധീകരിക്കുകയും ടി പ്രൊപ്പോസലുകൾ ചർച്ച ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ 2017 ഫെബ്രുവരി 27, 28 തീയതികളിൽ സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡന്മാരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിദഗ്ദ്ധ സമിതിയുടെ 24-ാംമത് യോഗം വിളിച്ചുചേർക്കുകയും ചെയ്തു. സംസ്ഥാനത്ത് നിന്ന് സമർപ്പിച്ച പ്രൊപ്പോസലുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ടി യോഗത്തിൽ അവതരിപ്പിച്ചുവെങ്കിലും അവയ്ക്ക് വിദഗ്ദ്ധ സമിതിയുടെ അംഗീകാരം ലഭിച്ചില്ല. ടി പ്രൊപ്പോസലുകൾ ഭേദഗതികളോടെ വീണ്ടും സമർപ്പിക്കുവാൻ ടി യോഗത്തിൽ നിന്ന് നിർദ്ദേശം ലഭിച്ചു. അതോടൊപ്പം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 16-02-2017-ലെ കത്ത് പ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനത്തിനായുള്ള പ്രൊപ്പോസലുകൾ പുതിയ മാതൃകയിൽ നിശ്ചിത കളർ കോഡിലുള്ള ഭൂപടങ്ങൾ, ജനസംഖ്യാ ഭൂപടങ്ങൾ, ഉപഗ്രഹ ചിത്രങ്ങൾ, ഓരോ സംരക്ഷിത പ്രദേശത്തെയും. സസ്യങ്ങൾ, ജീവികൾ, പക്ഷികൾ. ഷഡ്പദങ്ങൾ എന്നിവയുടെ പ്രത്യേക ലിസ്റ്റ്, പ്രാദേശികമായി മാത്രം കാണപ്പെടുന്ന ജീവി വർഗ്ഗങ്ങളുടെ പ്രത്യേക വിവരങ്ങൾ, വംശനാശ ഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളുടെ വിവരങ്ങൾ, ജനങ്ങളുടെ വരുമാന സ്രോതസ്സ്, വില്ലേജുകളുടെ ലിസ്റ്റ് എന്നിവ ഉൾപ്പെടുത്തി സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തു. ടി നിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്തെ എല്ലാ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പുതിയ മാതൃകയിൽ ടി വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള രേഖകൾ സർക്കിൾ/ ഡിവിഷൻതല ഓഫീസുകളിൽ നിന്ന് ശേഖരിച്ചുകൊണ്ട് നടപടികൾ സ്വീകരിച്ചുവരവെയാണ് കരട് വിജ്ഞാപനങ്ങളിന്മേൽ അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കാൻ നിശ്ചിത സമയപരിധിയായ 545 ദിവസങ്ങൾക്കകം കഴിയാതിരുന്നതിനാൽ ടി കരട് വിജ്ഞാപനങ്ങൾ അസാധുവായ വിവരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 19-12-2017-ലെ കത്ത് പ്രകാരം അറിയിക്കുകയും വീണ്ടും പുതിയ പ്രൊപ്പോസലുകൾ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തത്. |
| (ബി) | ആയതിന്മേൽ വിദഗ്ദ്ധ സമിതി കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കാമോ ; | (ബി) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 09-02-2011-ൽ പ്രസിദ്ധീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കി 2013-ൽ സമർപ്പിച്ച കരട് പ്രൊപ്പോസലുകൾ 07-12-2015 മുതൽ 29-08-2017 വരെയുള്ള വിവിധ തീയതികളിലായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം കരട് വിജ്ഞാപനമായി പ്രസിദ്ധീകരിക്കുകയും ടി പ്രൊപ്പോസലുകൾ ചർച്ച ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ 2017 ഫെബ്രുവരി 27, 28 തീയതികളിൽ സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡന്മാരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിദഗ്ദ്ധ സമിതിയുടെ 24-ാംമത് യോഗം വിളിച്ചുചേർക്കുകയും ചെയ്തു. സംസ്ഥാനത്ത് നിന്ന് സമർപ്പിച്ച പ്രൊപ്പോസലുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ടി യോഗത്തിൽ അവതരിപ്പിച്ചുവെങ്കിലും അവയ്ക്ക് വിദഗ്ദ്ധ സമിതിയുടെ അംഗീകാരം ലഭിച്ചില്ല. ടി പ്രൊപ്പോസലുകൾ ഭേദഗതികളോടെ വീണ്ടും സമർപ്പിക്കുവാൻ ടി യോഗത്തിൽ നിന്ന് നിർദ്ദേശം ലഭിച്ചു. അതോടൊപ്പം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 16-02-2017-ലെ കത്ത് പ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനത്തിനായുള്ള പ്രൊപ്പോസലുകൾ പുതിയ മാതൃകയിൽ നിശ്ചിത കളർ കോഡിലുള്ള ഭൂപടങ്ങൾ, ജനസംഖ്യാ ഭൂപടങ്ങൾ, ഉപഗ്രഹ ചിത്രങ്ങൾ, ഓരോ സംരക്ഷിത പ്രദേശത്തെയും. സസ്യങ്ങൾ, ജീവികൾ, പക്ഷികൾ. ഷഡ്പദങ്ങൾ എന്നിവയുടെ പ്രത്യേക ലിസ്റ്റ്, പ്രാദേശികമായി മാത്രം കാണപ്പെടുന്ന ജീവി വർഗ്ഗങ്ങളുടെ പ്രത്യേക വിവരങ്ങൾ, വംശനാശ ഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളുടെ വിവരങ്ങൾ, ജനങ്ങളുടെ വരുമാന |

| | | | |
|---|---|---|---|
| | | | സ്രോതസ്സ്, വില്ലേജുകളുടെ ലിസ്റ്റ് എന്നിവ ഉൾപ്പെടുത്തി സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ടി നിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്തെ എല്ലാ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പുതിയ മാതൃകയിൽ ടി വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള രേഖകൾ സർക്കിൾ/ ഡിവിഷൻതല ഓഫീസുകളിൽ നിന്ന് ശേഖരിച്ചുകൊണ്ട് നടപടികൾ സ്വീകരിച്ചുവരവെയാണ് കരട് വിജ്ഞാപനങ്ങളിന്മേൽ അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കാൻ നിശ്ചിത സമയപരിധിയായ 545 ദിവസങ്ങൾക്കകം കഴിയാതിരുന്നതിനാൽ ടി കരട് വിജ്ഞാപനങ്ങൾ അസാധുവായ വിവരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 19-12-2017-ലെ കത്ത് പ്രകാരം അറിയിക്കുകയും വീണ്ടും പുതിയ പ്രൊപ്പോസലുകൾ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തത്. |
| (സി) | വിദഗ്ധ സമിതി ആവശ്യപ്പെട്ട വിശദാംശങ്ങൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് തുടർന്ന് അധികാരത്തിൽ വന്ന സർക്കാരിന് സാധിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ? | (സി) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 09-02-2011-ൽ പ്രസിദ്ധീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കി 2013-ൽ സമർപ്പിച്ച കരട് പ്രൊപ്പോസലുകൾ 07-12-2015 മുതൽ 29-08-2017 വരെയുള്ള വിവിധ തീയതികളിലായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം കരട് വിജ്ഞാപനമായി പ്രസിദ്ധീകരിക്കുകയും ടി പ്രൊപ്പോസലുകൾ ചർച്ച ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ 2017 ഫെബ്രുവരി 27, 28 തീയതികളിൽ സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡന്മാരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിദഗ്ധ സമിതിയുടെ 24-ാംമത് യോഗം വിളിച്ചുചേർക്കുകയും ചെയ്തു. സംസ്ഥാനത്ത് നിന്ന് സമർപ്പിച്ച പ്രൊപ്പോസലുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ടി യോഗത്തിൽ അവതരിപ്പിച്ചുവെങ്കിലും അവയ്ക്ക് വിദഗ്ധ സമിതിയുടെ അംഗീകാരം ലഭിച്ചില്ല. ടി പ്രൊപ്പോസലുകൾ ഭേദഗതികളോടെ വീണ്ടും സമർപ്പിക്കുവാൻ ടി യോഗത്തിൽ നിന്ന് നിർദ്ദേശം ലഭിച്ചു. അതോടൊപ്പം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 16-02-2017-ലെ കത്ത് പ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനത്തിനായുള്ള പ്രൊപ്പോസലുകൾ പുതിയ മാതൃകയിൽ നിശ്ചിത കളർ കോഡിലുള്ള ഭൂപടങ്ങൾ, ജനസംഖ്യാ ഭൂപടങ്ങൾ, ഉപഗ്രഹ ചിത്രങ്ങൾ, ഓരോ സംരക്ഷിത പ്രദേശത്തെയും. സസ്യങ്ങൾ, ജീവികൾ, പക്ഷികൾ. ഷഡ്പദങ്ങൾ എന്നിവയുടെ പ്രത്യേക ലിസ്റ്റ്, പ്രാദേശികമായി മാത്രം കാണപ്പെടുന്ന ജീവി വർഗ്ഗങ്ങളുടെ പ്രത്യേക |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ, വംശനാശ ഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളുടെ വിവരങ്ങൾ, ജനങ്ങളുടെ വരുമാന സ്രോതസ്സ്, വില്ലേജുകളുടെ ലിസ്റ്റ് എന്നിവ ഉൾപ്പെടുത്തി സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ടി നിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്തെ എല്ലാ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പുതിയ മാതൃകയിൽ ടി വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള രേഖകൾ സർക്കിൾ/ ഡിവിഷൻതല ഓഫീസുകളിൽ നിന്ന് ശേഖരിച്ചുകൊണ്ട് നടപടികൾ സ്വീകരിച്ചുവരവെയാണ് കരട് വിജ്ഞാപനങ്ങളിന്മേൽ അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കാൻ നിശ്ചിത സമയപരിധിയായ 545 ദിവസങ്ങൾക്കകം കഴിയാതിരുന്നതിനാൽ ടി കരട് വിജ്ഞാപനങ്ങൾ അസാധുവായ വിവരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 19-12-2017-ലെ കത്ത് പ്രകാരം അറിയിക്കുകയും വീണ്ടും പുതിയ പ്രൊപ്പോസലുകൾ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തത്. |

സെക്ഷൻ ഓഫീസർ